**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1272** **30-06-2026-ൽ മറുപടിയ്ക്ക്**

**<u>ദേശീയ വിദ്യാഭ്യാസ നയത്തിനനുസരിച്ച് ഉന്നത വിദ്യാഭ്യാസ രംഗത്ത് വരുത്തിയ മാറ്റങ്ങൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വി. മുരളീധരൻ

ശ്രീ. റോജി എം. ജോൺ
(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

**(എ)** 2020-ൽ പ്രഖ്യാപിച്ച ദേശീയ വിദ്യാഭ്യാസ നയം ഉന്നത വിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കിയിട്ടുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

**<u>മറുപടി:</u>** ഉണ്ട്.

കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ റിവ്യൂ കമ്മിറ്റിയുടെ നിർദ്ദേശങ്ങൾക്കനുസൃതമായി 2024-2025 അധ്യയന വർഷം മുതൽ കേരളത്തിലെ സർവകലാശാലകളിൽ ഓണേഴ്സ് ബിരുദ പ്രോഗ്രാമുകൾ നടപ്പിൽ വരുത്തിയിട്ടുണ്ട്. ദേശീയ വിദ്യാഭ്യാസ നയം 2020-ന് അനുസൃതമായാണ് പ്രസ്തുത റഗുലേഷൻസ് തയ്യാർ ചെയ്തിരിക്കുന്നത്. ഇത് പ്രകാരം വിദ്യാർത്ഥികൾക്ക് Multiple Entry/ Exit, Credit Transfer through Academic Bank of Credits, Specialisation, Signature Courses, Internship, Multi Disciplinary Studies എന്നിവയ്ക്ക് അവസരമുണ്ട്.

**(ബി)** സംസ്ഥാനത്തെ എല്ലാ കോളേജുകളിലും നാലുവർഷ ഡിഗ്രി കോഴ്സുകൾ ആരംഭിച്ചിട്ടുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

**<u>മറുപടി:</u>** സംസ്ഥാനത്തെ എല്ലാ കോളേജുകളിലും നാലുവർഷ ഡിഗ്രി കോഴ്സുകൾ ആരംഭിച്ചിട്ടുണ്ട്.

**(സി)** അക്കാഡമിക് ബാങ്ക് ഓഫ് ക്രെഡിറ്റ് സംവിധാനം സർവ്വകലാശാലകളിൽ നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

**<u>മറുപടി:</u>** അക്കാദമിക് ബാങ്ക് ഓഫ് ക്രെഡിറ്റ് (ABC) സംവിധാനം സർവകലാശാലകളിൽ നടപ്പിലാക്കിയിട്ടുണ്ട്.

അക്കാദമിക് ബാങ്ക് ഓഫ് ക്രെഡിറ്റ്സ് സംവിധാനവുമായി സർവകലാശാലയുടെ അക്കാദമിക് വിവരങ്ങൾ സംയോജിപ്പിക്കുന്നതിനാവശ്യമായ സംവിധാനങ്ങൾ നിലവിൽ പ്രവർത്തനക്ഷമമാണ്. ഇതിന്റെ ഭാഗമായി വിദ്യാർത്ഥികൾ നേടുന്ന അക്കാദമിക് ക്രെഡിറ്റുകൾ ഡിജിലോക്കർ/ Samarth പ്ലാറ്റ്ഫോമിലൂടെ അക്കാദമിക് ബാങ്ക് ഓഫ് ക്രഡിറ്റ്സ് റിപ്പോസിറ്ററിയിലേക്ക് അപ് ലോഡ് ചെയ്തു വരുന്നു. നിലവിൽ 2023-24 അധ്യയന വർഷം മുതൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ ക്രെഡിറ്റുകൾ എ.ബി.സി. പോർട്ടലിലേക്ക് ക്രമാനുസൃതമായി അപ് ലോഡ് ചെയ്തു വരുന്നുണ്ട്.

ഓരോ സെമസ്റ്റർ പരീക്ഷയുടെയും ഫലം പ്രസിദ്ധീകരിച്ചതിന് ശേഷം വിദ്യാർത്ഥികൾ നേടിയ ക്രെഡിറ്റുകൾ ഉൾപ്പെടുത്തി മാർക്ക് ലിസ്റ്റ് സർവകലാശാല തയ്യാറാക്കുന്നു. തുടർന്ന് പ്രസ്തുത വിവരങ്ങൾ എ.ബി.സി. പ്ലാറ്റ് ഫോമിലേക്ക് അപ് ലോഡ് ചെയ്യുന്നു. ക്രെഡിറ്റ് വിവരങ്ങൾ കൈമാറ്റം ചെയ്യപ്പെടുകയും പ്രോസസ്സ് ചെയ്യപ്പെടുകയും ചെയ്താൽ, ബന്ധപ്പെട്ട വിദ്യാർത്ഥിക ളുടെ അക്കാദമിക് ബാങ്ക് ഓഫ് ക്രെഡിറ്റ്സ് അക്കൗണ്ടിൽ ക്രെഡിറ്റുകൾ പ്രതിഫലിക്കുന്നതാണ്.

വിദ്യാർത്ഥികൾക്ക് എ.ബി.സി. പോർട്ടലിൽ ലോഗിൻ ചെയ്ത് തങ്ങളുടെ അക്കൗണ്ടിൽ ലഭിച്ച ക്രെഡിറ്റുകൾ പരിശോധിക്കുവാൻ സാധിക്കും. അക്കാദമിക് ക്രെഡിറ്റുകളുടെ ഡിജിറ്റൽ സംഭരണം, പരിശോധന, കൈമാറ്റം, വിനിയോഗം എന്നിവ സുഗമമാക്കുന്നതിനും ഉന്നത വിദ്യാഭ്യാസ രംഗത്ത് അക്കാദമിക് ചലനാത്മകതയും (Academic Mobility) പഠനത്തിലെ സൗകര്യപ്രദതയും (Academic Flexibility) പ്രോത്സാഹിപ്പിക്കുന്നതിനും അക്കാദമിക് ബാങ്ക് ഓഫ് ക്രെഡിറ്റ്സ് സംവിധാനം സഹായകമാണ്. യു.ജി.സി.യുടെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി വിദ്യാർത്ഥികളുടെ അക്കാദമിക് ക്രെഡിറ്റുകൾ സമയബന്ധിതമായി അക്കാദമിക് ബാങ്ക് ഓഫ് ക്രെഡിറ്റ്സ് സംവിധാനത്തിലേക്ക് അപ് ലോഡ് ചെയ്യുന്നതിനും പുതുക്കുന്നതിനുമായി സർവകലാശാല ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**(ഡി)** 2021-2026 കാലഘട്ടത്തിൽ ഉന്നത വിദ്യാഭ്യാസ മേഖലയ്ക്കായി കേന്ദ്രസർക്കാർ നൽകിയ ധനസഹായത്തിന്റെ ഇനംതിരിച്ചുള്ള വാർഷിക വിവരങ്ങൾ ലഭ്യമാക്കാമോ?

**<u>മറുപടി:</u>** 2021-2026 കാലഘട്ടത്തിൽ ഉന്നത വിദ്യാഭ്യാസ മേഖലയ്ക്കായി കേന്ദ്രസർക്കാർ നൽകിയ ധനസഹായത്തിന്റെ വാർഷിക വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**<u>കാലിക്കറ്റ് സർവകലാശാല</u>**

റൂസ് മൂന്നാം പദ്ധതിയായ PM USHA (പ്രധാൻ മന്ത്രി ഉച്ചതാർ ശിക്ഷ അഭിയാൻ) പദ്ധതിയുടെ കീഴിലുള്ള മൾട്ടി ഡിസിപ്ലിനറി എഡ്യൂക്കേഷൻ ആൻഡ് റിസർച്ച് യൂണിവേഴ്സിറ്റി (MERU) വിഭാഗത്തിൽ കാലിക്കറ്റ് സർവകലാശാലയ്ക്ക് 100 കോടിയുടെ ഗ്രാന്റിന്റെ അംഗീകാരം 2024 ഡിസംബറിൽ ലഭികയുണ്ടായി. 2028 മാർച്ച് 31 വരെ കാലാവധി ലഭിച്ച പ്രസ്തുത പദ്ധതി സർവകലാശാലയിൽ പുരോഗമിച്ചു കൊണ്ടിരിക്കുന്നു. PM USHA പദ്ധതിയിൽ ഇതുവരെയായി സർവകലാശാലയിൽ ₹24,35,51,491/-(ഇരുപത്തി നാലു കോടി മുപ്പത്തിയഞ്ചു ലക്ഷത്തി അമ്പത്തിഒന്നായിരത്തി നാന്നൂറ്റി തൊണ്ണൂറ്റി ഒന്ന് രൂപ മാത്രം) രൂപയുടെ പ്രവർത്തനങ്ങൾ നടക്കുകയും, അതിൽ ₹16,15,09,722/- (പതിനാറു കോടി പതിനഞ്ചു ലക്ഷത്തി ഒമ്പതിനായിരത്തി എഴുനൂറ്റി ഇരുപത്തിരണ്ടു രൂപ മാത്രം) രൂപ അനുവദിച്ചു കിട്ടുകയും ചെയ്തിട്ടുണ്ട്. കൂടാതെ സർവകലാശാലയിലെ പഠനവകുപ്പുകളിലെ അധ്യാപകർക്കിടയിൽ ഗവേഷണം പ്രോത്സാഹിപ്പിക്കുന്നതിന് കേന്ദ്ര സർക്കാരിന് കീഴിലുള്ള വിവിധ ഏജൻസികളായ DST, ANRF, IUAC, ICPR, ICSSR, UGC, MOEF, CSIR, WAHEI തുടങ്ങിയവയിൽ നിന്നും ലഭിച്ച തുകയുടെ സാമ്പത്തിക വർഷം തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

2020-21 - 28,96,858/-

2021-22 - 1,17,71,849/-

2022-23 - 1,85,38,320/-

2023-24 - 11,63,97,191/-

2024-25 - 2,12,45,978/-

2025-26 - 2,32,22,288/-

**<u>എ.പി.ജെ</u>**

രണ്ടാം വർഷ എഞ്ചിനീയറിംഗ് ഡിപ്ലോമ പാഠപുസ്തകങ്ങൾ പ്രാദേശിക ഭാഷയിലേക്ക് വിവർത്തനം ചെയ്യുന്നതിനായി, 2022-ൽ അഖിലേന്ത്യ സാങ്കേതിക വിദ്യാഭ്യാസ കൗൺസിൽ (AICTE) 25,00,000/- (ഇരുപത്തിയഞ്ച് ലക്ഷം രൂപ മാത്രം) ഗ്രാൻറ്-ഇൻ-എയ്ഡ് ആയി അനുവദിച്ചിട്ടുണ്ട്.

അഖിലേന്ത്യ സാങ്കേതിക വിദ്യാഭ്യാസ കൗൺസിലിന്റെ (AICTE) ATAL അധ്യാപക പരിശീലന പരിപാടിയുടെ ഭാഗമായി സർവകലാശാലയിൽ 2025 ജൂൺ മാസത്തിൽ സംഘടിപ്പിച്ച ആറു ദിവസത്തെ പരിശീലന പരിപാടിക്കായി 2,28,859/- (രണ്ട് ലക്ഷത്തി ഇരുപത്തെണ്ണായിരത്തി എണ്ണൂറ്റി അൻപത്തൊൻപത് രൂപ മാത്രം) ഗ്രാൻറ്-ഇൻ-എയ്ഡ് ആയി AICTE അനുവദിച്ചിട്ടുണ്ട്.

**<u>ശ്രീ നാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിക്ക്</u>** കേന്ദ്ര സർക്കാർ ധനസഹായം ലഭിച്ചിട്ടില്ല. എന്നാൽ 2023 2024, 2024 2025 കാലയളവിൽ യു.ജി.സി.യിൽ നിന്നും 1 കോടി രൂപ വീതം ഗ്രാന്റ് ലഭിച്ചിട്ടുണ്ട്.

**<u>മഹാത്മാഗാന്ധി സർവകലാശാ</u>**

(അനുബന്ധമായി ചേർക്കുന്നു)

**<u>കണ്ണൂർ സർവകലാശാല</u>**

| Financial | PM USHA / RUSA | Amount |
|---|---|---|

| Year | | |
|---|---|---|
| 2021-2022 | RUSA | 1,36,451/- |
| 2022-2023 | RUSA | 2,86,63,483/- |
| 2023-2024 | RUSA | 2,30,85,031/- |
| 2024-2025 | RUSA | NIL |
| 2025-2026 | PM USHA | 13,64,45,798/- |
| | Total | 18,83,30,763/- |

**കുസാറ്റ്**

| Financial Year | Amount |
|---|---|
| 2021-2022 | 95,543,301.30/- |
| 2022-2023 | 102,749,918.02/- |
| 2023-2024 | 328,276,615.38/- |
| 2024-2025 | 165,245,038.46/- |
| 2025-2026 | 157,250,046.00/- |

**കേരള**

**റൂസ പദ്ധതി**

| Financial Year | Amount |
|---|---|
| 2021-2022 | 20,83,300/- |
| 2022-2023 | 0 |
| 2023-2024 | 0 |
| Total | 20,83,300/- |

**പി.എം.ഉഷ പദ്ധതി**

| Financial Year | Amount |
|---|---|
| 2023-2024 | 0 |
| 2024-2025 | 0 |
| 2025-2026 | 1,21,90,455/- |
| Total | 1,21,90,455/- |

**കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ**

| Financial Year | Amount |
|---|---|
| 2023-2024 | 7,00,829/- |
| 2023-2024 | 8,79,750/- |
| 2024-2025 | 8,29,005/- |
| 2025-2026 | 11,20,500/- |

**സെക്ഷൻ ഓഫീസർ**